# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. **6204** — **10.07.2012**-ലെ മറുപടിക്ക്

**<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2012-13-ൽ പ്ലാൻ ഫണ്ടിനത്തിൽ വകയിരുത്തിയ തുക</u>**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എം.ചന്ദ്രൻ | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| എ) | 2012-13-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലാൻ ഫണ്ടിനത്തിൽ എന്തു തുക വകയിരുത്തണമെന്നാണ് നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ നൽകിയിരുന്നത് ; | എ) | 2012-13 സാമ്പത്തിക വർഷത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസന ഫണ്ട് ഇനത്തിൽ 3388 കോടി രൂപ ശുപാർശ ചെയ്തിട്ടുണ്ട്. |
| ബി) | പ്രസ്തുത തുക 2012-13-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലാൻ ഫണ്ടായി വകയിരുത്തിയിട്ടുണ്ടോ ; | ബി) | 2012-13 സാമ്പത്തിക വർഷത്തിൽ 3228/- കോടി രൂപ വികസന ഫണ്ടിനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്തിയിട്ടുണ്ട്. |
| സി) | ഇല്ലെങ്കിൽ കുറവ് വരുത്താനുണ്ടായ കാരണം വ്യക്തമാക്കുമോ ? | സി) | ഓരോ വർഷവും വർദ്ധനവ് ശുപാർശ ചെയ്യപ്പെടുന്നുണ്ടെങ്കിലും ഇത് അതത് വർഷത്തെ പദ്ധതി അടങ്കലിന് വിധേയമായി മാറാവുന്നതാണ്. |

എന്നിരിക്കിലും യാതൊരു കാരണവശാലും ഒരു വർഷത്തെ വിഹിതം ആ വർഷത്തേക്ക് കമ്മീഷൻ കണക്കാക്കിയിരിക്കുന്ന പദ്ധതി വിഹിതത്തിന്റെ 25 ശതമാനത്തിൽ കുറയാൻ പാടില്ല എന്ന് കമ്മീഷൻ ശുപാർശ ചെയ്യുകയും സർക്കാർ അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

2012-13 സാമ്പത്തിക വർഷം സംസ്ഥാന പദ്ധതി വിഹിതം 14010/- കോടി രൂപയാണ് അതിൽ നിന്നും കെ.എസ്.ഇ.ബി.യുടെ വിഹിതമായി 1100 കോടി രൂപ കുറച്ചതിനുശേഷമുള്ള തുകയുടെ 25% മാണ് 3228 കോടി രൂപ.

സെക്ഷൻ ഓഫീസർ